"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 21-01-2025

**സർക്കുലർ നം 24**

ഹർജികൾ സംബന്ധിച്ച നിയമസഭാ സമിതിയുടെ മുമ്പാകെയുള്ള ജയിൽ വകുപ്പുമായി ബന്ധപ്പെട്ട ഹർജികൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1. ഹർജികൾ സംബന്ധിച്ച സമിതിയുടെ മുന്നിലുള്ള ഹർജികൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹർജികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച്, റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് നോഡൽ ഓഫീസർ കൈവശം നൽകേണ്ടതുമാണ്.

2. ഹർജികൾ സംബന്ധിച്ച നിയമസഭാ സമിതിയുടെ മുന്നിലുള്ള ഹർജികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി ജയിൽ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ മറുപടി സമയബന്ധിതമായി സമിതി മുമ്പാകെ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജയിലാസ്ഥാന കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ. ചന്ദ്രദാസ് കെ.യെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

3. ഹർജികൾ സംബന്ധിച്ച സമിതിയുടെ മുന്നിലുള്ള ഹർജികൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി, സമിതിയുടെ യോഗങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായും പങ്കെടുക്കേണ്ടതാണ്.

4. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ ഹർജി വിഷയങ്ങളിൽ വേണ്ടത്ര പഠനം നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുമായി വേണം സമിതി യോഗങ്ങളിൽ പങ്കെടുക്കേണ്ടത്.

5. ഹർജികൾ സംബന്ധിച്ച സമിതിയുടെ ജില്ലാതല യോഗങ്ങളിൽ നിർദ്ദേശം ലഭ്യമാക്കുന്ന

മുറക്ക് ജില്ലയിലെ ഉയർന്ന ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

6. ഹർജികൾ സംബന്ധിച്ച സമിതി ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ, അധിക വിവരങ്ങൾ, സമിതികളുടെ ശുപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലുള്ള റിപ്പോർട്ട് എന്നിവ സമയപരിധിക്കുള്ളിൽ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ്.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്:
1. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
2. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

E1-26589/2024/PrHQ

ab38fd